**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 770 — 05.06.2018 - ൽ മറുപടിക്ക്

## ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.കെ. വിജയൻ
ശ്രീ. എൽദോ എബ്രഹാം
ശ്രീ. മുഹമ്മദ് മുഹസിൻ. പി

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) കോവളത്ത് വിദേശ വനിതയുടെ കൊലപാതകത്തെ തുടർന്ന് ടൂറിസം കേന്ദ്രങ്ങളിൽ വിനോദ സഞ്ചാര വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന സുരക്ഷാ നടപടികൾ വ്യക്തമാക്കുമോ;

എ) കോവളം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ വിദേശ വനിതയുടെ മരണത്തെ തുടർന്ന് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.5.2018-ൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം കൂടുകയുണ്ടായി. ഇത്തരം അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ ടൂറിസം വകുപ്പും പോലീസ് വകുപ്പും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ വനിതാ പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

അവർക്കാവശ്യമുള്ള ഭാഷ പരിജ്ഞാന ക്ലാസ്സുകൾ, അവബോധ ക്ലാസുകൾ, ഉന്നത ട്രെയിനിംഗുകൾ, കിറ്റ്സ് മുഖാന്തിരം നൽകുന്നതിന് പോലീസ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ്

| | | | |
|---|---|---|---|
| | | | സെന്ററുകളും പ്രവർത്തനമാരംഭിക്കും. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏകീകൃത സൈൻ ബോർഡുകൾ പ്രകാശ സംവിധാനം എന്നിവ ഒരുക്കുന്നതാണ്. എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും വഴിയോര കച്ചവടക്കാർക്ക് പ്രാദേശിക തിരിച്ചറിയൽ കാർഡുകൾ, യൂണിഫോം എന്നിവ നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പോലീസുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ടൂറിസം വാർഡർമാരെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പോലീസ് വകുപ്പുമായി ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ബ്രോഷറുകൾ തയ്യാറാക്കി വിനോദസഞ്ചാരികൾക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സുരക്ഷാ വിവരങ്ങൾ ഉൾപ്പെടുത്തി മൊബൈൽ ആപ്പ് രൂപപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |
| ബി) | ടൂറിസം മേഖലയിലേക്ക് പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | ബി) | പ്രധാന ടൂറിസം മേഖലയിൽ ടൂറിസം പോലീസിന്റെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ ടൂറിസം സീസണിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥർ/ടൂറിസം വാർഡൻമാരുടെ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് മുഖേന കൈക്കൊണ്ടു വരുന്നു. |
| സി) | പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ കമ്മറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത കമ്മറ്റിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | സി) | പരിശോധിക്കുന്നതാണ് |

| | |
|---|---|
| ഡി) ടൂറിസം കേന്ദ്രങ്ങളിലെ കച്ചവടക്കാരെയും ഗൈഡുകളേയും തിരിച്ചറിയുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുമോ; | ഡി) നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) വിദേശ വനിതയുടെ കൊലപാതകത്തെ തുടർന്ന് വിദേശങ്ങളിൽ കേരളാ ടൂറിസത്തിനുണ്ടായ ബ്ലാക്ക് മാർക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ഇ) വിദേശ വനിതയുടെ മരണത്തെ തുടർന്ന് കേരള ടൂറിസത്തിന് ബ്ലാക്ക് മാർക്ക് ഉണ്ടായിട്ടില്ല. വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി വിവിധ രാജ്യങ്ങളിൽ വകുപ്പ് നടപ്പിലാക്കി വരുന്ന കേരള ടൂറിസം റെയിലർ മാർക്കറ്റിംഗ് ക്യാമ്പയിൻ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ